വകുപ്പ് കർശന നടപടികൾ സ്വീകരിക്കാറുണ്ട്. കൂടാതെ കേരളത്തിനകത്തെ സാമ്പത്തിക സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിലേക്കായി ഒരു സമഗ്ര നിയമം കേരള പ്രൊട്ടക്ഷൻ ഓഫ് ഇന്ററസ്റ്റ് ഓഫ് ഡെപ്പോസിറ്റേഴ്സ് (ഇൻ ഫിനാൻഷ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ്) എന്ന നിയമ നിർമ്മാണം സർക്കാരിന്റെ പരിഗണനയിലാണ്.

ജ്യോതിസ് നടത്തിവരുന്ന ഇടപാടുകൾ

201(1458) ശ്രീ. പി. ടി. എ. റഹീം :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ലോട്ടറിയുടെ പേര് ഉപയോഗിച്ച് 'ജ്യോതിസ്' എന്ന പേരിൽ നടത്തിവരുന്ന ഇടപാടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ഇടപാടുകൾക്ക് അനുമതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) നിക്ഷേപകരെ കബളിപ്പിച്ച് പ്രവർത്തിക്കുന്ന പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനും പ്രവർത്തനം നിർത്തിവയ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

(ഡി) കോടതി ഇടപെട്ട് അവസാനിപ്പിച്ച 'ലിസി'ന്റെ തുടർച്ചയാണ് പ്രസ്തുത സ്ഥാപനമെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അനുമതി നൽകിയിട്ടില്ല.

(സി) ജ്യോതിസ് എന്ന സ്ഥാപനം ഭാഗ്യക്കുറിയുമായി ബന്ധപ്പെടുത്തി നടത്തുന്ന പണമിടപാട് സംബന്ധിച്ച് അന്വേഷണം നടത്താൻ സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഇതനുസരിച്ച് നടത്തിയ പ്രാഥമിക അന്വേഷണത്തിൽ സംസ്ഥാന ഭാഗ്യക്കുറിയുമായി ബന്ധപ്പെടുത്തി ജോതിസ് സ്കീമിൽ കോടിക്കക്കിന് രൂപ ജനങ്ങളിൽ നിന്നും നിക്ഷേപമായി സ്വീകരിക്കുന്നുണ്ടെന്നും ഇതിന്റെ പ്രവർത്തനങ്ങൾ സുതാര്യമല്ലെന്നും കണ്ടെത്തിയതിനെത്തുടർന്ന് തുടരന്വേഷണത്തിനായി റിപ്പോർട്ട് പോലീസിന് കൈമാറിയിട്ടുണ്ട്. കൂടാതെ ജ്യോതിസിന് വേണ്ടി ഏജൻസി എടുത്തിരുന്ന ശ്രീമതി നീതാ കുര്യച്ചൻ എന്നയാൾ ഭാഗ്യക്കുറിയുമായി ബന്ധപ്പെടുത്തി നൽകിയിരുന്ന പരസ്യങ്ങൾ അടിയന്തരമായി നിർത്തിവയ്ക്കണമെന്ന് നോട്ടീസ് നൽകുകയും ടിയാളുടെ ഏജൻസി 2011 ജനുവരി 1 മുതൽ പുതുക്കി നൽകണമെന്നുള്ള അപേക്ഷ നിരസിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത

LIBRARY ARCHIVES Kerala Legislative Assembly

വിവരങ്ങൾ ജനങ്ങളെ അറിയിക്കുന്നതിനായി പത്രമാധ്യമങ്ങളിൽ പരസ്യം നൽകുകയും ഇത്തരത്തിൽ സംസ്ഥാന ഭാഗ്യക്കുറി ഉപയോഗിച്ച് സ്വകാര്യ സ്കീമുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് നിയന്ത്രിക്കുന്നതിനായി കേരള പേപ്പർ ലോട്ടറിസ് (റെഗുലേഷൻ) റൂളിൽ ആവശ്യമായ ഭേദഗതികൾ വരുത്തി 28-1-2011-ന് G.O.(P) No.142/11/TD ആയി സർക്കാർ ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കണ്ണൂർ സഹകരണ സ്പിന്നിംഗ് മില്ലിന്റെ നവീകരണത്തിന് സഹായം

202(1459) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2009-10 വർഷത്തെ ബഡ്ജറ്റിൽ കണ്ണൂർ സഹകരണ സ്പിന്നിംഗ് മില്ലിന്റെ നവീകരണത്തിന് സഹായം നൽകാമെന്ന് പ്രഖ്യാപിച്ചിരുന്നുവോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സഹായം അനുവദിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

(ഡി) സാമ്പത്തികസഹായം എപ്പോൾ നൽകാൻ കഴിയും എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ടെക്സ്ഫെഡിനു കീഴിലുള്ള സ്പിന്നിംഗ് മില്ലുകളുടെ പുനരുദ്ധാരണത്തിനായി NCDC സഹായത്തോടെ നടത്തുന്ന പദ്ധതിക്കുള്ള സംസ്ഥാന സർക്കാരിന്റെ വിഹിതമായി 3 കോടി രൂപ പ്രഖ്യാപിച്ചിരുന്നു.

(സി&ഡി) ടെക്സ്ഫെഡിനു കീഴിലുള്ള സഹകരണ സ്പിന്നിംഗ് മില്ലുകൾക്ക് 2009-10-ലെ ബഡ്ജറ്റിൽ അനുവദിച്ച 3 കോടി രൂപയിൽ 1.5 കോടി രൂപ കണ്ണൂർ സഹകരണ സ്പിന്നിംഗ് മില്ലിന്റെ പുനരുദ്ധാരണ പ്രർത്തനങ്ങൾക്കായി ടെക്സ്ഫെഡിന് വ്യവസായ വകുപ്പിൽ നിന്ന് 21-8-2009-ൽ പുറപ്പെടുവിച്ച സ.ഉ.(സാധാ)നമ്പർ 1110/2009/വ്യവ.ഉത്തരവുവഴി അനുവദിച്ചു നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ പദ്ധതി നിർവ്വഹണം

203(1460) ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. എ. പി. അനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011 ജനുവരി 31 വരെ സംസ്ഥാനത്തെ പദ്ധതി നിർവ്വഹണത്തിൽ എത്ര ശതമാനം ചെലവഴിക്കാനായി എന്നു വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly